**പതിമൂന്നാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട**

**നിയമസഭാ ചോദ്യം നമ്പർ : 10** **10.06.2013-ൽ മറുപടിക്ക്.**

# കമ്മ്യൂണിറ്റി പോലീസിംഗ്

ചോദ്യം

ശ്രീ. പി. സി. ജോർജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

: (എ) സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതിയുടെ പുരോഗതി പരിശോധിച്ചിട്ടുണ്ട് ; ജനസൗഹൃദപരമായ പോലീസ് സംവിധാനം നടപ്പിലാക്കുന്നതിനായിട്ടാണ് കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

പോലീസ് പൊതുജന സഹകരണത്തോടെ പ്രവർത്തിക്കുന്നതിനാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ള പോലീസ് സ്റ്റേഷൻ പരിധികളിലെ ക്രമസമാധാന പ്രശ്നങ്ങളിൽ താരതമ്യേന കുറവ് വന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളിൽ അവരെ ബോധവൽക്കരിക്കുന്നതിന് പ്രസ്തുത പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. സമൂഹത്തിലെ ദുർബല വിഭാഗങ്ങൾ, സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ, രോഗികൾ തുടങ്ങിയ വിഭാഗങ്ങളുടെ സുരക്ഷ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് വിവിധ പരിപാടികൾ ഈ പദ്ധതിയുടെ കീഴിൽ നടപ്പാക്കി വരുന്നു. കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിനും ജനങ്ങളും പോലീസും തമ്മിൽ നല്ല ബന്ധം സൃഷ്ടിക്കുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്തുന്നതിനും ജനമൈത്രീ പോലീസ് സംവിധാനത്തിലൂടെ നല്ലൊരു പരിധിവരെ സാധിച്ചിട്ടുണ്ട്. ജനമൈത്രീ പോലീസ് നേതൃത്വം നൽകി സംഘടിപ്പിച്ച

(മറുപുറം)

ബോധവൽക്കരണ ക്ലാസ്സുകൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ മുതലായവ ജനങ്ങളിൽ അങ്ങേയറ്റം സ്വാധീനം ഉളവാക്കിയിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജന പ്രശ്നങ്ങൾ, സാന്ത്വന പരിചരണം, കള്ളവാറ്റ്, മയക്കുമരുന്ന് ദുരുപയോഗം തുടങ്ങിയവ തടയൽ, മൈഗ്രന്റ് ലേബർമാരുടെ പ്രശ്നങ്ങളിലുള്ള സജീവമായ ഇടപെടൽ തുടങ്ങി അനേകം രംഗങ്ങളിൽ ജനമൈത്രി പോലീസ് വിജയം കൈവരിച്ചിട്ടുണ്ട്.

ആദ്യ ഘട്ടത്തിൽ 20 പോലീസ് സ്റ്റേഷനുകളിൽ നടപ്പിലാക്കിയ പദ്ധതിയുടെ വിജയത്തെ തുടർന്ന് പിന്നീട് രണ്ടാംഘട്ടത്തിൽ 23 പോലീസ് സ്റ്റേഷനുകളിലും മൂന്നാം ഘട്ടത്തിൽ 105 പോലീസ് സ്റ്റേഷനുകളിലും നാലാം ഘട്ടത്തിൽ 100 പോലീസ് സ്റ്റേഷനുകളിലും നടപ്പിലാക്കിയിട്ടുണ്ട്. അങ്ങനെ ആകെ നാല് ഘട്ടങ്ങളിലായി 248 പോലീസ് സ്റ്റേഷനുകളിൽ ജനമൈത്രി സംവിധാനം വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. ആദ്യ മൂന്ന് ഘട്ടങ്ങളിലെ 148 ജനമൈത്രീ പോലീസ് സ്റ്റേഷനുകളിൽ ഓരോന്നിലും ഓരോ വനിതാ സിവിൽ പോലീസ് ഓഫീസർ ഉൾപ്പെടെ 5 സിവിൽ പോലീസ് ഓഫീസർമാരുടെ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ നാലാം ഘട്ടത്തിൽ നടപ്പിലാക്കിയ 100 പോലീസ് സ്റ്റേഷനുകളിൽ 5 സിവിൽ പോലീസ് ഓഫീസർ വീതം 500 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർതലത്തിൽ പരിശോധിച്ചുവരുന്നു.

| | |
|---|---|
| (ബി) പ്രസ്തുത പദ്ധതി നടപ്പാക്കിയതിലൂടെ സംസ്ഥാന പോലീസിന്റെ പ്രവർത്തന ശൈലിയിൽ വന്നിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമെന്ന് പരിശോധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ ; | : (ബി) കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതി നടപ്പിലാക്കിയതിലൂടെ പോലീസ് സ്റ്റേഷനുകളെ കൂടുതൽ ജനകീയമാക്കി മാറ്റുവാൻ സാധിച്ചിട്ടുണ്ട്. പോലീസും പൊതുജനങ്ങളും തമ്മിലുള്ള അന്തരം കുറച്ച് കുറ്റകൃത്യങ്ങൾ തടയുന്നതിന് ഒരു കൂട്ടായ പ്രവർത്തനം നടത്തുന്നതിന് പ്രസ്തുത പദ്ധതിയിലൂടെ പോലീസിന് സാധിക്കുന്നുണ്ട്. കൂടാതെ പരാതികൾ നൽകുന്നതിനും മറ്റ് ആവശ്യങ്ങൾക്കുമായി പോലീസ് സ്റ്റേഷനുകളിൽ എത്തുന്നവർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്കും, കുട്ടികൾക്കും സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനും വളരെ വേഗത്തിൽ പരിഹാരം ലഭ്യമാക്കുന്നതിനും പ്രസ്തുത പദ്ധതിയിലൂടെ സാധിക്കുന്നുണ്ട്. |

പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിലൂടെ പോലിസിന്റെ പ്രവർത്തനശൈലിയിൽ പ്രശംസനീയമായ രീതിയിൽ മാറ്റങ്ങൾ വന്നിട്ടുണ്ട്. സ്റ്റേഷൻ പരിധിയിലെ ഓരോ ഭവനങ്ങളും പ്രധാനപ്പെട്ട സ്ഥലങ്ങളും സന്ദർശിച്ചു കൊണ്ടുള്ള ബീറ്റ് ഡ്യൂട്ടിയാണ് പ്രധാന പ്രവർത്തനരീതി. ഇതിലൂടെ പോലീസിന് ജനങ്ങളുടെ പ്രശ്നങ്ങളിൽ ഫലപ്രദമായി ഇടപെടുവാനും അവരുടെ വിശ്വാസം

(മറുപുറം)

പിടിച്ചുപറ്റാനും സാധിക്കുന്നു. കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള രഹസ്യവിവരം പൊതുജനങ്ങൾ ബീറ്റ് ഓഫീസർമാർക്ക് കൈമാറാവുന്നതാണ്. ആയതിനാൽ സമൂഹത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ ഗുരുതരമായ കുറ്റകൃത്യങ്ങളിലേയ്ക്ക് കടക്കാതെ പരിഹരിക്കുവാൻ സാധിക്കുന്നുണ്ട്. കൂടാതെ പൊതുജനങ്ങളുടെ സഹകരണത്തോടെ അവരുടെ പ്രദേശത്തിന്റെ സുരക്ഷയ്ക്ക് ആവശ്യമായ രീതിയിൽ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനും ഈ പദ്ധതിയിലൂടെ സാധിക്കുന്നുണ്ട്. അതുവഴി സമൂഹത്തിലുണ്ടാകുന്ന ക്രമസമാധാന പ്രശ്നങ്ങൾ കുറയ്ക്കുന്നതിനും സാധിക്കുന്നു.

ഈ പദ്ധതിയുടെ ഭാഗമായി പോലീസിന്റെ പ്രവർത്തനങ്ങളിൽ ജനസൗഹൃദപരമായ ധാരാളം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്ത്രീകൾക്കും, കുട്ടികൾക്കുമെതിരെ ഉണ്ടാകാവുന്ന അതിക്രമങ്ങളെക്കുറിച്ച് അവരെ ബോധവൽക്കരി- ക്കുന്നതിനായി സന്നദ്ധ സംഘടനകൾ, കുടുംബശ്രീ യൂണിറ്റുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിലൂടെ നടത്തപ്പെടുന്ന ബോധവൽക്കരണ പരിപാടികൾ ശ്രദ്ധേയമാണ്. കൂടാതെ മദ്യം, മയക്കുമരുന്ന് എന്നിവയിൽ നിന്നും യുവാക്കളെ മോചിപ്പിക്കുന്നതിനും കൂടാതെ ട്രാഫിക് ബോധവൽക്കരണം ജനങ്ങളിൽ എത്തിക്കുന്നതിനായി ഡ്രാമ, സെമിനാറുകൾ, ക്ലാസ്സുകൾ എന്നിവ സംഘടിപ്പിച്ചുകൊണ്ട് പോലീസിന്റെ പ്രവർത്തന ശൈലി കൂടുതൽ ജനസൗഹൃദപരമായി മാറ്റിക്കൊണ്ടിരിക്കുകയാണ്.

(സി) സംസ്ഥാനതലത്തിൽ പ്രസ്തുത പദ്ധതിയുടെ നേട്ടങ്ങൾ സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?.

: (സി) ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ